LIBRARY ARCHIVES Kerala Legislative Assembly

ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന വന്യജീവി ബോർഡ് അംഗീകരിക്കുകയും, അത് കേരള സർക്കാർ 2-9-2013-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി, ദേശീയ വന്യജീവി ബോർഡിന്റെ 12-8-2014, 13-8-2014 എന്നീ തീയതികളിലെ 31-ാമത്തെ യോഗത്തിൽ പ്രസ്തുത പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ചുവെങ്കിലും ഡാമിന്റെ ഉയരം കൂട്ടുന്നതിനുപകരം, മറ്റു മാർഗ്ഗങ്ങൾ സമർപ്പിക്കാനാണ് യോഗത്തിൽ തീരുമാനമുണ്ടായത്. എന്നാൽ ഈ കേസിൽ മറ്റ് പുതിയ മാർഗ്ഗങ്ങളേക്കാൾ പരിസ്ഥിതിക്ക് ഏറ്റവും കുറഞ്ഞ തോതിൽ ആഘാതം സൃഷ്ടിക്കുന്ന പ്രവൃത്തി എന്ന നിലയിൽ നിലവിലുള്ള കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നത് തന്നെയാണ് അഭികാമ്യമെന്ന് പഠനത്തിൽ മനസ്സിലാകുകയും ഈ വിവരം ദേശീയ വന്യജീവി ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വന്യജീവി ബോർഡിന്റെ അംഗീകാരം ലഭിച്ച സ്ഥിതിക്ക് ഇനി ദേശീയ വന്യജീവി ബോർഡിന്റെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

276 (3788) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ 20 വർഷമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന എത്ര ജീവനക്കാർ വനം വകുപ്പിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്ന 135 താൽക്കാലിക ജീവനക്കാരെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 14-5-2015-ലെ സ.ഉ.(എം എസ്.) നം. 29/2015/വനം പ്രകാരം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൽ യോഗ്യരായ 105 പേർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ട്.

(ബി) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 99 താൽക്കാലിക ജീവനക്കാർ